ഉത്തരം

(എ) മലമ്പുഴ ഉദ്യാനത്തിന്റെ വികസനത്തിനായി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുകയും ആയതിന് കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തു. 482.04 ലക്ഷം (നാലുകോടി എൺപത്തിരണ്ടുലക്ഷത്തി നാലായിരം) രൂപയാണ് കേന്ദ്രം അനുവദിച്ചത്. പ്രസ്തുത പദ്ധതി സംസ്ഥാന ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരികയാണ്.

(ബി) മേൽപ്പറഞ്ഞ കേന്ദ്ര പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. താഴെപ്പറയുന്ന ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1 ബോട്ട് ജെട്ടി ആന്റ് കനാൽ ബാങ്ക് ഭിത്തി ശക്തിപ്പെടുത്തൽ

2 ഫിൽട്ടറേഷൻ പ്ലാന്റ് ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ, ഡസ്റ്റ് ബിനുകൾ, ബിൽറ്റ് ഇൻ സീറ്റുകൾ

3 നടപ്പാത പുനരുദ്ധാരണം

4 ഗാർഡനിൽ ഇല്ലുമിനേഷൻ

5 നിലവിലുള്ള ഗ്രീൻ ഹൗസ് നവീകരണം

6 സോഫ്റ്റ് ലാന്റ് സ്കേപ്പിംഗ്

7 കുട്ടികളുടെ കളിസ്ഥലം

8 ആംഫി തീയറ്റർ, കാസ്കേഡ്

9 ജാപ്പനീസ് ഗാർഡൻ പുനരുദ്ധാരണം, പാത്ത് വേ നിർമ്മാണം.

10 ഭക്ഷണശാല

11 പ്രവേശനകവാടം

12 ബാന്റ് സ്റ്റാന്റ്

482.04 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്.

(സി) മേൽ വിവരിച്ചിരിക്കുന്ന പ്രവർത്തനങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. അവയിൽ ലാന്റ്സ്കേപ്പിംഗ്, ഇല്ലുമിനേഷൻ ഒഴികെയുള്ളവ സിവിൽ വർക്കുകളാണ്. ലാന്റ്സ്കേപ്പിംഗിനായി ഒരു കോടി രൂപയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബാക്കി 382.04 ലക്ഷം രൂപ സിവിൽ വർക്കുകൾക്കായി നീക്കിവച്ചിരിക്കുന്നു.

പെരുന്തേനരുവി ടൂറിസം പദ്ധതി

84 (4707) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്ക് ഒന്നാം ഘട്ടമായി എത്ര ഫണ്ടാണ് അനുവദിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ സ്ഥിതിക്ക് രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് വർക്കിംഗ് ഗ്രൂപ്പിന് മുമ്പിൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുമോ ;

(സി) രണ്ടാം ഘട്ടത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സിഡ്കോ തയ്യാറാക്കി സമർപ്പിച്ചത് ; പ്രസ്തുത എസ്റ്റിമേറ്റ് വെട്ടി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടത് എന്തുകൊണ്ടാണ് ;

(ഡി) ഒന്നാം ഘട്ടത്തിനായി നൽകിയ ഫണ്ടുതന്നെ രണ്ടാം ഘട്ടത്തിനും അനുവദിച്ചെങ്കിൽ മാത്രമേ കൺവെൻഷൻ സെന്റർ തുറക്കാൻ കഴിയൂ എന്നതിനെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ഇ) ഈ സാഹചര്യത്തിൽ ഒന്നാം ഘട്ടത്തിന് അനുവദിച്ച അതേ തോതിൽ ഫണ്ട് രണ്ടാം ഘട്ടത്തിനും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 97,12,800 രൂപ (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്)

(ബി&സി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിനായി ഒരു എസ്റ്റിമേറ്റ് സിഡ്കോ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സിഡ്കോ സമർപ്പിച്ച 1,73,34,000 രൂപയുടെ എസ്റ്റിമേറ്റ്, വകുപ്പിന്റെ കുറഞ്ഞ പദ്ധതി വിഹിതം കണക്കിലെടുക്കുമ്പോൾ പരിഗണിക്കാൻ കഴിയില്ല. ആയതിനാൽ രണ്ടാംഘട്ടമായി അത്യാവശ്യം പെരുന്തേനരുവിയിൽ നടത്തേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്കായി ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ സിഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) ഇതുസംബന്ധിച്ച് വകുപ്പ് വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഒന്നാം ഘട്ടത്തിന് അനുവദിച്ച അതേ തുക തന്നെ രണ്ടാം ഘട്ടത്തിന് അനുവദിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ്.

മണിയാർ ടൂറിസം പദ്ധതി

85 (4708) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിയാർ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; സംസ്ഥാന ടൂറിസം വകുപ്പ് പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണിപ്പോൾ അനുവദിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly